For Private Circulation Only

February 2025

ആഗമനധ്വനി

Vol.72

" ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഗ രക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത് " (എബ്രാ. 12:14)

No.2

ഗുണത്തിനു വേണ്ടിയുള്ള ശിക്ഷകൾ

By Andrew Murray

" യഹോവേ ദുഷ്ടന് കുഴി കുഴിക്കുവോളം അനർത്ഥ ദിവസത്തിൽ നീ അവനെ വിശ്രമിപ്പിക്കേണ്ടതിന് നീ ശിക്ഷിക്കയും നിന്റെ ന്യായപ്രമാണം നീ ഉപദേശിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ " (സങ്കീ. 94:12,13).

" കഷ്ടതയിൽ ആകുന്നതിന് മുമ്പേ ഞാൻ തെറ്റിപ്പോയി; ഇപ്പോഴോ ഞാൻ നിന്റെ വചനത്തെ പ്രമാണിക്കുന്നു. നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്ക് ഗുണമായി " (സങ്കീ. 119:67,71).

" അവർ ശിക്ഷിച്ചത് കുറെക്കാലവും തങ്ങൾക്ക് ബോധിച്ച പ്രകാരവുമത്രേ; അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി തന്നെ ശിക്ഷിക്കുന്നത് " (എബ്രാ. 12:10)

" എന്റെ സഹോദരന്മാരേ നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ " (യാക്കോ. 1:2, 3).

ഓരോ ദൈവപൈതലും ഒരു പ്രാവശ്യം അല്ലെങ്കിൽ മറ്റൊരവസരത്തിൽ കഷ്ടതയുടെ പാഠശാലയിലൂടെ പോയിട്ടുള്ളവരാണ്. വചനം പറയുന്നു അനുഭവങ്ങളിലൂടെ സ്ഥിരീകരിക്കപ്പെടുന്നു. കൂടാതെ വേദപുസ്തകം പഠിപ്പിക്കുന്നു, ദൈവം ഈ സ്കൂളിൽ നമ്മെ എടുത്തത് സന്തോഷം എന്ന് എണ്ണുന്നു. കഷ്ടതയിലൂടെ നമ്മെ പഠിപ്പിച്ച് ശുദ്ധീകരിച്ച് പിതാവ് നമ്മെ സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ ഓഹരിക്കാരായിത്തീർക്കുന്നു.

ഒരു കഷ്ടതയും അതിൽ തന്നെ അനുഗ്രഹവുമില്ല. വിത്തില്ലാത്ത നിലം ഉഴുന്നത് കൊണ്ടോ നനയ്ക്കുന്നതു കൊണ്ടോ ഒരു ഫലവുമില്ല, ദൈവജനം കഷ്ടതയിലൂടെ കടന്ന് പോകുന്നത് പ്രയോജനമാണ്. ഹൃദയം ഒരു സമയത്തേയ്ക്ക് മൃദുവായികാണപ്പെട്ടേയ്ക്കാം, എന്നാൽ അത് അറിയുന്നില്ല, കഷ്ടതയിൽ മറഞ്ഞു കിടക്കുന്ന അനുഗ്രഹം എങ്ങനെ പ്രാപിക്കാം എന്ന്. കഷ്ടതയിലൂടെ പോകുമ്പോൾ അവർ അറിയുന്നില്ല, ദൈവത്തിൽ ഹൃദയത്തിലുള്ള പദ്ധതി എന്ത് എന്ന്.

ഒരു നല്ല സ്കൂളിൽ നാലു കാര്യങ്ങൾ ആവശ്യമുണ്ട്. ഒരു യഥാർത്ഥ ലക്ഷ്യം, ശരിയായ പാഠ്യപുസ്തകം, യോഗ്യതയുള്ള അദ്ധ്യാപകർ, ആഗ്രഹമുള്ള കുട്ടികൾ.

1. ജീവിതത്തിന്റെ ഓരോ പരിശോധനയും നിങ്ങളെ പൂർണ്ണ വിശുദ്ധി എന്നത് ഓരോ പിതാവിനും കുട്ടിക്കും ഒരു പോലെ മഹത്വമുള്ളതാണ്. നമ്മുടെ നന്മയ്ക്കുവേണ്ടി നമ്മെ ഓഹരിക്കാരാക്കുന്നു. കഷ്ടതയിൽ വിശ്വാസി സുരക്ഷിതത്വം ആഗ്രഹിക്കുന്നു. കഷ്ടതയിൽ ദൈവപൈതൽ ശാന്തതയും സന്തോഷവും ആഗ്രഹിക്കുന്നു. ഇത് നിശ്ചയമായും ആരംഭമാണ്; എന്നാൽ പിതാവ് ചിലതു കൂടെ ആഗ്രഹിക്കുന്നു; കുറച്ചു കൂടെ ഉന്നതമായത്. അവിടുന്ന് നമ്മെ വിശുദ്ധരാക്കുവാൻ ചിന്തിക്കുന്നു, ദൈവത്തിനു വേണ്ടി പൂർണ്ണ വിശുദ്ധരാക്കുവാൻ. ഇയ്യോബ് പറഞ്ഞു, " യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ " (ഇയ്യോ.1:21), ഇത് സ്കൂളിന്റെ പ്രാരംഭസമയമാണ്. ദൈവത്തിന് വൻകാര്യങ്ങൾ നിങ്ങളെ പഠിപ്പിക്കുവാനുണ്ട്. ദൈവം നമ്മുടെ ഇഷ്ടത്തെ തന്റെ വിശുദ്ധ ഇഷ്ടത്തോട് അനുരൂപമാക്കും. ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ നിറയ്ക്കുവാനാഗ്രഹിക്കുന്നു, തന്റെ വിശുദ്ധിയുടെ ആത്മാവിനാൽ. ഇതാകുന്നു അവിടുത്തെ ലക്ഷ്യം. ഇതായിരിക്കട്ടെ ഈ സ്കൂളിലൂടെ നിങ്ങളുടെ ആഗ്രഹവും ലക്ഷ്യവും.

2. പ്രത്യേകിച്ച്, ഈ കഷ്ടതയുടെ വേളയിൽ വേദപുസ്തകം നിങ്ങളുടെ വായനാ പുസ്തകമായിരിക്കട്ടെ.

നമ്മുടെ കഷ്ടതയിലും പരിശോധനയിലും കൂടെ ദൈവം ആഗ്രഹിക്കുന്നത് നമ്മെ പഠിപ്പിക്കട്ടെ. വചനം നിങ്ങൾക്ക് വെളിപ്പെടുത്തും. എന്തിനാണ് നമ്മെ ശിക്ഷിക്കുന്നത് എന്നും ഇതിന്റെ നടുവിൽ എത്ര ആഴമായി നമ്മെ സ്നേഹിക്കുന്നു, എത്ര വിലയേറിയ വാഗ്ദത്തങ്ങളാൽ നമ്മെ ആശ്വസിപ്പിക്കുന്നു എന്ന് മനസ്സിലാവും. ദൈവിക വാഗ്ദത്തങ്ങളുടെ പുതിയ മഹത്വം കഷ്ടത നമുക്കു തരുന്നു. കഷ്ടതയിൽ, ദൈവത്തിന്റെ വചനത്തിലേക്ക് ആലോചനയ്ക്കായി മടങ്ങി വരുന്നു.

3. യേശു തന്നെ നിങ്ങളുടെ അദ്ധ്യാപകൻ ആയിരിക്കട്ടെ. താൻ തന്നെ കഷ്ടതയാൽ വിശുദ്ധീകരിക്കപ്പെട്ടവനാണ്. കഷ്ടതയിൽ അവിടുന്ന് പൂർണ്ണ അനുസരണം പഠിച്ചവനാണ്. അവിടുന്ന് അത്ഭുതകരമായ കനിവുള്ളവനാണ്. അവിടുത്തോടാണ് നമുക്കു കൂട്ടായ്മയുള്ളത്. നിങ്ങളുടെ സുരക്ഷിതത്വം നോക്കരുത്. മറ്റുള്ളവരുടെ വാക്കു കേൾക്കരുത്. നിങ്ങളെ പഠിപ്പിക്കുവാനുള്ള അവസരം യേശുവിന് കൊടുക്കുക. യേശുവിനോട് സംസാരിക്കുക അവിടുത്തെ വചനം ധ്യാനിക്കുക. നിങ്ങളെ വിശുദ്ധീകരിക്കേണ്ടതിന് പിതാവ് തന്റെ വചനം നമുക്കു തന്നു, തന്റെ ആത്മാവിനെ നമുക്കു നൽകി, കർത്താവായ യേശുക്രിസ്തു നമ്മുടെ വിശുദ്ധീകരണം ആയിത്തീർന്നു. കഷ്തയും പ്രയാസങ്ങളും നമ്മെ വചനത്തിലേക്ക് കൊണ്ടു വരുന്നു, അതായത് യേശുവിലേക്ക്

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ഗുണത്തിനുവേണ്ടിയുള്ള ശിക്ഷകൾ

കൊണ്ടുവരുന്നു, അവിടുത്തെ വിശുദ്ധിയുടെ ഭാഗഭാക്കുകളായിത്തീർക്കുവാനായി കൊണ്ട് വരുന്നു. ഇത് കർത്താവായ യേശുക്രിസ്തുവുമായുള്ള കൂട്ടായ്മയാണ്, അവിടെ നിന്നും നമുക്ക് സാന്ത്വനം ലഭിക്കുന്നു.

4. ആഗ്രഹമുള്ള ജനമായിരിക്കുക. കഷ്ടതയെ ജീവിതത്തിൽ അംഗീകരിക്കുക. കഷ്ടത ദൈവഹിതമാണ് എന്ന് ചിന്തിക്കരുത്. കർത്താവ് നിങ്ങളെ പാഠങ്ങൾ പഠിപ്പിക്കുവാൻ ചോദിക്കുക, പ്രതീക്ഷിക്കുക, കഷ്ടതയിലൂടെ നിങ്ങൾ പാഠങ്ങൾ പഠിക്കണം. താഴ്മയുള്ളവർക്ക് ദൈവത്തിന്റെ പഠിപ്പിക്കലിന്റെയും ജ്ഞാനത്തിന്റെയും വാഗ്ദത്തമുണ്ട്. കാതുകൾ ദൈവത്തിനായി തുറന്നുവയ്ക്കുക. ഹൃദയം ദൈവത്തെ നോക്കി ശാന്തമായിരിക്കുക. പിതാവായ ദൈവത്തെ അറിയുക, അവിടുന്ന് നിങ്ങളെ കഷ്ടതയുടെ പാഠശാലയിൽ ആക്കിയിരിക്കുന്നു. നിങ്ങളെത്തന്നെ സമർപ്പിക്കുക, കേൾക്കുവാനുള്ള ആഗ്രഹത്തോടെ, അവിടുത്തേയ്ക്ക് പറയുവാനുള്ളതെന്ന് ശ്രദ്ധിക്കുക, അവിടുന്ന് പഠിപ്പിക്കുന്നതിനെ ശ്രദ്ധയോടെ പഠിക്കുക. അവിടുന്ന് ധാരാളമായി നിങ്ങളെ അനുഗ്രഹിക്കട്ടെ.

“ നീ ശിക്ഷിക്കയും നിന്റെ ന്യായപ്രമാണം നീ ഉപദേശിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ ” (സങ്കീ. 94:13).

എന്റെ സഹോദരന്മാരെ നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ ” (യാക്കോ. 1:2-4). പരിശോധനയുടെ ഘട്ടങ്ങളെ അനുഗ്രഹത്തിന്റെ ഘട്ടമായി പരിഗണിക്കുക, പിതാവുമായുള്ള അടുത്ത കൂട്ടായ്മയായി, അവിടുത്തെ വിശുദ്ധി യുടെ ഭാഗഭാക്കുകളായി, സന്തോഷത്തോടെ പറയണം, “ ഞാൻ പരീക്ഷിക്കപ്പെടുന്നത് എനിക്കു നല്ലതാണ് ”.

പിതാവേ, ജീവിതത്തിന്റെ ഇരുണ്ട പരിശോധനകളിൽ അങ്ങയുടെ മഹത്വമുള്ള വെളിച്ചമായി, അങ്ങയുടെ വചനം ഉള്ളതിനായി നന്ദി കരേറ്റുന്നു. ആ വെളിച്ചത്തിൽ അങ്ങയുടെ വിശുദ്ധിയുടെ ഒരു ഭാഗമാക്കി എന്നെ പഠിപ്പിക്കേണമേ. ഞങ്ങൾ വിശുദ്ധരാകുവാൻ അവി

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ജനുവരി മാസം നമ്മെ വിട്ട് കടന്നു പോയി ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

“ ഭയപ്പെടേണ്ട; നീ ലജ്ജിച്ചു പോകയില്ല, ഭ്രമിക്കേണ്ടാ, നീ നാണിച്ചു പോകയില്ല. നിന്റെ വൈധവ്യത്തിലെ നിന്ദ ഇനി ഓർക്കയുമില്ല. നിന്റെ സൃഷ്ടാവാകുന്നു. നിന്റെ ഭർത്താവ് സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം യിസ്രായേലിന്റെ പരിശുദ്ധനാകുന്നു. നിന്റെ വീണ്ടെടുപ്പുകാരൻ സർവ്വഭൂമിയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു . ” (യെശ43:13-18).

കണ്ണുനീരോടെ യേശുവിന്റെ പാദങ്ങളിൽ നമുക്ക് വീണ് യാചിക്കാം. യേശുവിന്റെ സന്നിധിയിൽ നിന്ന് ഒരു കാര്യവും മൂടിവയ്ക്കുവാൻ സാദ്ധ്യമല്ല. ദൈവം നമ്മെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു. ദൈവം നമ്മോട് കൂടെയുണ്ട് സ്വന്തം മക്കളെ സ്നേഹിക്കുന്ന അമ്മയുടെ സ്നേഹത്തെക്കാൾ വലുതാണ്. നമ്മോടുള്ള കർത്താവിന്റെ സ്നേഹം അതുകൊണ്ട് നിരാശയുടെയും സങ്കടത്തിന്റെയും മധ്യത്തിൽ കർത്താവ് നമ്മെ മറക്കുമെന്ന് ഒരിക്കലും നാം ചിന്തിക്കരുത്. ഈ ലോകത്തിലെ സകലരും നമ്മെ മറന്നുകളയും. നമ്മോടുള്ള അവന്റെ കരുണ അത് ഒരിക്കലും നിന്നു പോകയില്ല. ഒരിക്കലും നമ്മെ മറക്കുവാൻ കഴിയാത്ത വിധം തന്റെ ഉള്ളം കരത്തിൽ നമ്മെ വരിച്ചിരിക്കുന്നു.

യോസേഫിനെപ്പോലെ ദൈവത്തെ സ്നേഹിച്ച് അനുസരിച്ച് കീഴ്പ്പെട്ട് പ്രാർത്ഥനാ ജീവിതത്തിലൂടെ നമ്മുടെ ദൈവത്തിന്റെ കരുതലസും സംരക്ഷണവും അനുഭവിക്കാം. അവിടുന്ന് നമ്മെ മറക്കാത്ത ദൈവമാണ്.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ദൈവത്തിന്റെ കയ്യിൽ തകർന്ന വസ്തുതകൾ

By C.H.Mackintosh

ചരിത്രത്തിൽ ദൈവത്തിന് ആത്മാക്കളോടുള്ള ഇടപെടലുകളിൽ ഫലപ്രദമായ പണങ്ങൾ ഇല്ല. എന്നാൽ രസകരമായ ധാരാളം നിർദ്ദേശങ്ങളും നേട്ടങ്ങളുമുണ്ട്. ആ ഇടപെടലുകളലിൽ തകർന്ന ഹൃദയങ്ങളും താഴ്ചയുള്ള അനുഭവങ്ങളുമായി വെളിപ്പെടുന്നു. എല്ലാതെറ്റായ നീതീകരണങ്ങളേയും നീക്കിക്കളഞ്ഞ്, എല്ലാ സ്വാർത്ഥമോഹങ്ങളെയും ഒഴിവാക്കി, ക്രിസ്തുവിന്റെ മുമ്പിൽ പൂർണ്ണമായി താഴ്ത്തുവാൻ നമ്മെ പഠിപ്പിക്കുന്നു.

ഇതിന്റെ എല്ലാം കൂടി ചേർത്ത് തന്നെത്താൻ ഒഴിക്ക എന്നോ, തന്നെത്താൻ താഴ്ത്തുന്ന പ്രക്രിയ എന്നോ വിളിക്കാവുന്നതാണ്. ഈ പ്രക്രിയ മാനസാന്തരത്തിലേക്കോ അഥവാ പുതുജനനത്തിലേക്കോ നടത്തുന്നു. മറ്റുള്ളവർക്കുകൂടെ ഇത് തുടരുന്നു. ആഴത്തിൽ ഉഴുന്ന വേദനപ്പെടുന്ന ഹൃദയത്തിന്റെയും മനസാക്ഷിയുടെയും അനുഭവത്തിലൂടെ, ഒരു പക്ഷേ ജീവിതകാലം മുഴുവൻ തന്നെ എടുത്തേക്കാം. മറ്റുള്ളവർ, വൈരുദ്ധ്യങ്ങളുടമേൽ, താരതമ്യേന ആത്മാവിന്റെ ചെറിയ അനുനഭവങ്ങളിലൂടെ നടത്തപ്പെടുന്നു. വേഗത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്താൽ ഉള്ള സന്തോഷം അവരിലേക്ക് വരുന്നു. എന്നാൽ തന്നെത്താൻ ഒഴിച്ചശേഷം, അനേക കാര്യങ്ങളിൽ, അതിന്റെ അടിസ്ഥാനങ്ങളോളം നടന്നു, ഏകദേശം മാനാസന്തരത്തെ സംശയിക്കുമാറാക്കും.

ഇത് വളരെ വേനദനാജനകമാണ്. എന്നാൽ ആവശ്യമുള്ളതാണ്. വസ്തുതയെന്നത്, സ്വയത്തെ പഠിപ്പിക്കണം, വിധിക്കപ്പെടണം; വേഗത്തിൽ അല്ലെങ്കിൽ ക്രമേണയോ. ഇത് ദൈവത്തോടുള്ള കൂട്ടായ്മയിൽ പഠനം ലഭിച്ചിട്ടില്ല എങ്കിൽ ഇത് നിശ്ചയമായി കഠിനമേറിയതും കയ്പേറിയതുമായ അനുഭവങ്ങളിലൂടെ പഠിപ്പിക്കപ്പെട്ട് തോൽവികളിലും വീഴ്ചകളിലും ജയം പ്രാപിക്കേണം. അവിടുത്തെ സാന്നിദ്ധ്യത്തിൽ ഒരു ജഡവും പ്രശംസിക്കയില്ല; പൂർണ്ണ ബഹുമാനത്തോടും ശക്തിയോടും കൂടെ നാം ആ സത്യത്തിന്റെ മാധുര്യവും സുഖവും നാം രുചിച്ചറിയണം; ക്രിസ്തുവിൽ നമുക്ക് ദൈവത്തിന്റെ ജ്ഞാനം, നീതി, വിശുദ്ധീകരണം, വീണ്ടെടുപ്പ്, എന്നിവയുണ്ട്. ദൈവത്തിന്റെ അടുക്കൽ തകർന്ന വസ്തുക്കൾ വരും. നാം ഇതോർക്കുക. ഇതു അനുഗ്രഹിക്കപ്പെട്ടതും ആവശ്യവുമായ സത്യം. “ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു. താഴ്മയുള്ളവരുടെ മനസിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു” (യെശ. 57:15). വീണ്ടും യെശയ്യാവു 66:1,2 -ൽ പറയുന്നു, “സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതു വിധം? എന്റെ വിശ്രാമസ്ഥലവും ഏത്? എന്റെ കൈകളൊക്കെയും ഉണ്ടാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായത് എന്ന് യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസു തകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും”.

തകർച്ചയുടെ ആവശ്യം

നമുക്കെല്ലാവർക്കും സന്ദർഭോചിതമായ വാക്കുകളുണ്ട്. ഒരു പ്രത്യേക ആവശ്യത്തിന്റെ മുഖത്ത് ആണ് ഒരു തകർന്ന ഹൃദയം നമുക്കുള്ളത്. നമ്മുടെ പ്രയാസങ്ങളുടെയും പത്തിൽ ഒന്ന് നയിക്കുന്നത് ഈ ആവശ്യത്തിലേക്ക് ആയിരിക്കാം. ഓരോ ദിവസവും ദൈവം നമ്മെ നടത്തുന്ന വിധങ്ങൾ അത്ഭുതങ്ങൾ ആയിരിക്കാം - കുടുംബത്തിൽ, സമൂഹത്തിൽ, ലോകത്തിൽ, പ്രായോഗിക

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

അഡോണിറാം ജഡ്സൻ ഉം ആൻ ജഡ്സും ഭാഗം - 1

ബർമ്മയിലേക്കുള്ള മിഷ്യനറിമാർ

By T.W.Engstrom

ദൈവം തന്റെ വേലയ്ക്കു വേണ്ടി സമർപ്പിക്കപ്പെട്ട തന്റെ വേലക്കാരുടെ ചരിത്രത്തിൽ, ബർമ്മയിലേക്ക് സുവിശേഷവുമായി പോയ വ്യക്തികളാണ് അഡോണിറാം ജഡ്സനും ആൻജഡ്സനും. യേശുക്രിസ്തുവിന്റെ സുവീശേഷത്തിൽ ആകൃഷ്ടരായി വെല്ലുവിളി ഏറ്റെടുത്ത് പരിശുദ്ധാത്മാവിന്റെ ശക്തിയോടുകൂടി വിശ്വാസവും ആത്മാർത്ഥതയും ഉള്ളവരായി ലോകത്തിന്റെ നാലു ദിക്കുകളിലേക്കും സുവിശേഷം എത്തിക്കുവാൻ അവർ പോകുന്നു.

അഡോണിറാമിന്റെ പ്രാരംഭ വർഷങ്ങൾ

1978 ആഗസ്റ്റ് 9-ന് മസാച്ചുസെറ്റിലുള്ള മാൾഡൻ ഒരു കോൺഗ്രഗേഷണൽ സഭയുടെ ശക്തനും മാന്യനുമായ ഒരു പുരോഹതിന്റെ മൂത്തമകനായി അഡോണിറാം ജഡ്സൻ ജനിച്ചു. അത്ഭുത ബാലൻ എന്ന് വിളിക്കാവുന്ന ഒരു അസാധാരണ ബാലൻ ആയിരുന്നു അഡോണിറാം. ചെറുപ്രായത്തിൽ അമ്മ അവനെ വായിക്കാൻ പഠിപ്പിച്ചു. ഒരിക്കൽ ഒരു വിനോദയാത്ര കഴിഞ്ഞു മടങ്ങുമ്പോൾ മൂന്നു വയസുകാരനായ മകൻ ഒരു വേദഭാഗം ബൈബിളിൽ നിന്നും വായിവായിക്കുന്നത് കണ്ട് പിതാവു അത്ഭുതപ്പെട്ടുപോയി. എപ്പോഴും പഠിക്കുന്ന കാര്യത്തിൽ നന്നായി ശ്രദ്ധിച്ചിരുന്നു. സമപ്രായക്കാരോടുകൂടെ കളിക്കുന്നതിനേക്കാൾ അസാധാരണമായ ശ്രദ്ധ പതിക്കുന്ന കാര്യത്തിൽ ശ്രദ്ധാലു ആയിരുന്നു.

പതിനാറാമത്തെ വയസ്സിൽ ഒരു പ്രോവിഡൻസ് കോളെജിൽ ചേർന്നു. ഇപ്പോൾ അത് ബ്രൗൺ യൂണിവേഴ്സിറ്റിമുറിയാണ്. കോളെജിൽ താൻ മിടുക്കനായിരുന്നു, നിർണ്ണായകമായ പല റെക്കോർഡുകളും താൻ കരസ്ഥമാക്കി. തന്റെ അവിടെയുള്ള അവസാന വർഷത്തിൽ ക്ലാസിലെ പ്രധാന ബഹുമതികൾ കരസ്ഥമാക്കി.

തന്റെ ഗ്രാഡുവേഷൻ വരെ അഡോണിറാം എന്താണ് തന്റെ ജീവിത ലക്ഷ്യം എന്ന് ഒരു തീരുമാനമുണ്ടായിരുന്നില്ല. തന്റെ ലക്ഷ്യം രണ്ട് വഴിക്ക് തിരിഞ്ഞിരുന്നു എന്ന് തോന്നി, നിയമപരവും കളികളെക്കുറിച്ചുള്ള എഴുത്തും. കോളെജ് ജീവിതത്തിനിടയിൽ തന്റെ ജീവിതത്തിൽ ധാരാളം നിരീശ്വരവാദചിന്തകളും കടന്നു വന്നു. ഫ്രഞ്ചു നിരീശ്വര വാദികളിൽ നിന്നും സ്വഭാവികമായി ഈ ചിന്ത വ്യാപരിച്ചു. അമേരിക്കയിൽ രാജ്യത്തുടനീളം അത് വ്യാപരിക്കുവാനിടയായി. അഡോണിറാം ജഡ്സന്റെ കൂട്ടുകാരൻ ഈ " പുതിയ ചിന്ത " ക്കാരനായിരുന്നു. അവന്റെ സ്വാധീനത്തിൽ അഡോണിറാം ജഡ്സനും വളരെ വേഗം തന്റെ കൂട്ടുകാരനെപ്പോലെ നിരീശ്വരവാദിയായി.

ജഡ്സൻ വിശ്രമമില്ലാത്ത പ്രകൃതക്കാരനായിരുന്നു. ധാരാളം യാത്രകളും ചെയ്തിരുന്നു. ഗ്രാഡുവേഷനുശേഷം അഭിനയകലകൾ ചെയ്യുന്ന സംഘവുമായി ചേരേണം എന്ന ചിന്തയോടുകൂടെ ന്യൂയോർക്ക് സിറ്റി സന്ദർശിക്കുവാൻ തീരുമാനിച്ചു. അവരുടെ ചിട്ടവട്ടങ്ങളോടുകൂടെ തനിക്കു തന്നെ പ്രശസ്തി ഉണ്ടാക്കുന്നതിനും സാഹസികതയെ സ്നേഹിച്ചിരുന്നതുകൊണ്ടും അപ്രകാരം ചെയ്യുവാൻ തീരുമാനിച്ചു. താൻ സിറ്റിയിലായിരുന്നപ്പോൾ ജോൺസൺ എന്ന പേരിനാൽ താൻ തെറ്റിവിളിക്കപ്പെട്ടു. ഈ അഭിനയകലകളുടെ ലോകത്ത് കുറച്ചു കാലം മാത്രമേ തനിക്ക് നിൽക്കുവാൻ കഴിഞ്ഞുള്ളൂ. അതിനകം ഇങ്ങനെയുള്ള ജീവിതം താൻ മടുത്തു കഴിഞ്ഞിരുന്നു.

ന്യൂയോർക്ക് സിറ്റിയിൽ നിന്നും വിട്ടശേഷം ജഡ്സൻ ഒരു സത്രത്തിൽ താമസം തുടങ്ങി. രാത്രിയിൽ ആ മുറിയിൽ താൻ ആയിരിക്കുമ്പോൾ, മരിക്കുന്ന ഒരു മനുഷ്യന്റെ ദീനരോദനം താൻ കേൾക്കുവാനിടയായി. അടുത്ത ദിവസം രാവിലെ താൻ ഞെട്ടിപ്പോയി, അദ്ദേഹം മരണത്തിന് കീഴ്പെട്ടിരുന്നു, അദ്ദേഹം തന്റെ കോളെജിലെ നിരീശ്വരവാദിയായ സ്നേഹിതൻ ആയിരുന്നു. സത്രം വിട്ടുപോകുന്നതിൽ തനിക്ക് അല്പമല്ലാത്ത ഭയമുണ്ടായി. എന്നാൽ തന്റെ സ്വന്തം ചിന്തകളിൽ ആഴമായ ശ്രദ്ധ ചെലുത്തി. അവന്റെ അവസാന വാക്കുകൾ മണി നാദം പോലെ തന്റെ കാതുകളിൽ മുഴുങ്ങിക്കൊണ്ടിരുന്നു, " മരണം നഷ്ടപ്പെട്ടു - നഷ്ടപ്പെട്ടു ". താൻ മനസിലാക്കി, താൻ കടന്നുപോകുന്ന നിരീശ്വര ചിന്താഗതികൾ തികച്ചും തെറ്റായതാണ്.

ഈ പ്രത്യേക ചിന്ത ജഡ്സന്റെ ജീവിതത്തെ മാറ്റി മറിച്ചു, അങ്ങനെ ക്രിസ്തീയ ശുശ്രൂഷയ്ക്കായി വിദ്യാർത്ഥികളെ ഒരുക്കുന്ന ആൻഡോവർ കോളെജിൽ എത്തിച്ചേർന്നു. എങ്കിലും താൻ ഒരു രക്ഷിക്കപ്പെട്ട വിശ്വാസി ആയിരുന്നില്ല, കോളെജിൽ ചേർന്ന് ആറ് ആഴ്ചകൾക്കു ശേഷം, ഡിസംബർ രണ്ടാം തീയതി കർത്താവായ യേശുക്രിസ്തുവിനെ തന്റെ സ്വന്തം രക്ഷകനും കർത്താവുമായി ഏറ്റുകൊള്ളുകയും കർത്താവിന്റെ വേലക്കായി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. അതേ സമയം തന്നെ തന്റെ പിതാവ് പാസ്റ്ററായിരിക്കുന്ന സഭയിൽ ചേർന്നു. ഈ മാറ്റം ഉണ്ടായശേഷം ജഡ്സൻ പാപക്ഷമയ്ക്കായി ദൈവത്തിൽ ആശ്രയിച്ചു യജമാനന്റെ സേവക്കായി ജീവിതം സമർപ്പിച്ചു. ബഹുമാനവും ഒരിക്കലും താൻ സ്വപ്നം കണ്ടില്ല, എന്നാൽ ഒരു ലക്ഷ്യം മാത്രം തനിക്കുണ്ടായിരുന്നു, തന്റെ ജീവിതം ദൈവഹിതത്തിനായി സമർപ്പിക്കുക.

മിഷ്യനറി സേവയ്ക്കായി വിളിക്കപ്പെട്ടു.

മാനസാന്തരപ്പെട്ടതിന് ശേഷം അഡോണിറാം ജഡ്സൻ മിഷനറി വേലയ്ക്കുവേണ്ടി ചിന്തിപ്പാനാഗ്രഹിച്ചു. ഒരു മിന്നും വെളിച്ചം പോലെ ഒരു ദിവസം ഒരു മിഷ്യനറിയായി പോകുവാൻ ദൈവം അദ്ദേഹത്തോട് സംസാരിച്ചു. നാം ഓർക്കേണ്ടതായ ഒരു വിഷയം, അന്ന് അമേരിക്കയിൽ എന്റെ നഷ്ടപ്പെട്ടവരെ നേടുവാൻ ദൈവദാസന്മാരെ പറഞ്ഞയയ്ക്കുന്ന ഒരു മിഷൻ ബോഡ് ഉണ്ടായിരുന്നില്ല. ആ സമയം ജഡ്സനോടു ദൈവം സംസാരിച്ചു. വില്യംസ് കോളെജിലുള്ള മൂന്ന് ചെറുപ്പക്കാരോട് ജഡ്സൻ സംസാരിച്ചു. സാമുവേൽ ജെ. മിൽസ്, ജയിംസ് റിച്ചാർഡ്സ്, ലൂഥർ റൈസ് എന്നിവരായിരുന്നു

(ശേഷം 6-ാംപേജിൽ)

അവൻ മരിക്കുവാനൊരുക്കമായിരുന്നു. നിങ്ങളോ?

By F.B. Meyer

“ ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും” (യോഹ. 12:24).

അനേകർ വിലക്കാറുണ്ട് കാരണം ക്രിസ്തുവിന്റെ ക്രൂശിന്റെ പാഠം അവർ ആഴമായി പഠിച്ചിട്ടില്ല. യേശു മരിച്ചു എന്ന കാഴ്ചപ്പാടിൽ നമുക്ക് ഒരിക്കലും മരിക്കുവാൻ സാദ്ധ്യമല്ല. നമുക്കു ഒരിക്കലും ഒരു പകരക്കാരനോ, ഒരു യാഗമോ, ഒരു പ്രായശ്ചിത്തമോ ആകുവാൻ സാദ്ധ്യമല്ല. എന്നാൽ നാം ഫലപ്രദമായിരിക്കുന്നു എങ്കിൽ ഒരളവിൽ പറഞ്ഞാൽ തന്റെ മരണത്തിന്റെ അർത്ഥത്തിലുള്ള പാനപാത്രം നാം കുടിക്കേണം.

നാം മറ്റുള്ളവരെ സേവിക്കുന്നു എങ്കിൽ, നമുക്കു നമ്മെ സേവിക്കുവാൻ കഴിയുകയില്ല. നാം മനുഷ്യരെ സഹായിക്കുന്നു എങ്കിൽ നാം അവരോട് മനസലിവുള്ളവരായിക്കേണം. നാം ഒരു കാട്ടൊലിവിൽ നിന്നും ബഡ് സ്വീകരിക്കാനൊരുങ്ങുന്നു എങ്കിൽ കത്തിയുടെ മുറിവ് ശരീരത്തിൽ വഹിക്കുവാൻ നാം തയ്യാറാകണം. വിലയേറിയ ലേപനത്തിന്റെ മധുരമുള്ള സ്വാദ് നാം ലോകത്തിന് കൊടുക്കുവാനാഗ്രഹിക്കുന്നു എങ്കിൽ നാം തകർന്ന പെട്ടിയുടെ അനുഭവം നാം വഹിക്കേണം.

ഫലം കായ്ക്കുന്ന കൊമ്പുകളെ അതിന്റെ കൂട്ടത്തിൽ നിന്നും വെട്ടിമാറ്റാറുണ്ട്. “തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും. ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും” (യോഹ. 12:25).

ദൈവമുഖത്തേക്ക് നോക്കി, നിങ്ങൾ ഒരു മെച്ചമായ ജീവിതത്തിനുവേണ്ടി കാത്തിരിക്കുന്നു, നിങ്ങളുടെ വഴി നിങ്ങൾ തെരഞ്ഞെടുത്തതല്ല എന്ന് പറയുക, എന്നാൽ നിങ്ങൾ മനസോടെ മരണം വരെ അവിടുത്തെ വഴി പിന്തുടരും, അതു മാത്രമാണ് ജീവിതത്തിനുള്ള വഴി. നിങ്ങൾക്കും നിലനിർത്താം എന്ന് ദൈവത്തിൽ നിന്നു തന്നെ പഠിക്കുവാൻ കാത്തിരിക്കുക.

അവിടുന്ന് തന്റെ മരണത്തിലൂടെ കടന്നുപോയി, അവിടുന്ന് ജീവിതത്തിന്റെ വഴിത്തിരിവുകളും ആഴങ്ങളും അറിയുന്നു. അവിടുത്തേയ്ക്ക് തെറ്റ് പറ്റുകയില്ല, അവിടുന്ന് ജീവിതത്തിന്റെ പ്രതിസന്ധികളിലൂടെ നമ്മെ കടത്തിവിടുകയുമില്ല. അവിടുത്തെ ചുവടുകളെ അറിയുക, ആണികളാൽ തുളയ്ക്കപ്പെട്ടു, നമ്മെ ജയകരമായി നടത്തി.

അവിടുന്ന് ഇതു വഴിയായി നിങ്ങളെ കൊണ്ട് വരികയില്ലായിരുന്നു, കാരണം നിങ്ങൾ ശക്തമായി നില്ക്കുവാൻ കഴിയും എന്നു അറിയാമായിരുന്നു, അഥവാ നിങ്ങൾക്ക് വഹിപ്പാൻ കഴിയുമായിരുന്നു അല്ലെങ്കിൽ നിലവിളിമോശമായി പോകുമായിരുന്നു. അവിടുന്ന് അവിടെയുണ്ടായിരുന്നു, ദൈവത്തെ സ്തുതിക്കുന്നതിൽ പരാജയപ്പെട്ടുപോകയില്ല, ആവശ്യഭാരത്തോടെ നാം വിളിച്ചപേക്ഷിക്കും. “ യേശുവേ! യേശുവേ! യേശുവേ! ”.

ഒരു വാഗ്ദത്തം നമുക്കുണ്ട്, അതിൽ ആശ്രയിച്ച് ഉറപ്പോടെ പറയും അതെ അവിടുത്തെ ശബ്ദം കേട്ടു പറയും യേശു നല്ലവൻ. മറ്റിതര സന്ദർഭങ്ങളിൽ നാം ദൈവത്തിന്റെ മാറ്റമില്ലാത്ത ശബ്ദം കേൾക്കും. അവിടുന്ന് ശക്തിയെ പകർന്നു തരും, വഴിയെ അനുഗ്രഹിക്കും. തന്റെ വചനത്താൽ നമ്മെ ശക്തീകരിക്കും, അവിടുന്ന് നമ്മുടെ ഹൃദയത്തെ ശക്തീകരിക്കും, എന്നേയ്ക്കുമുള്ള നമ്മുടെ ഓഹരിയുമായിരിക്കും.

അങ്ങനെ ഇത് എന്നേക്കും ഇരിക്കും. രാവും പകലും, ചൂടുകാലത്തും തണുപ്പുകാലത്തും, പൂക്കൾ വിടരുമ്പോൾ ഇല്ലാത്തപ്പോഴും, സന്തോഷങ്ങളിലും, സങ്കടങ്ങളിലും, ഫലമുള്ള കാലത്തും ഇല്ലാത്ത കാലത്തും, ഒലിവു മലയുടെ അനുഭവത്തിലും ഗത് സമനേയിലും, ഉയിർപ്പിന്റെ വേളയിലും കാൽവറിയുടെ അനുഭവത്തിലും ജീവനിലും മരണത്തിലും എല്ലാ ജീവിതാനുഭവങ്ങളിലും യേശുക്രിസ്തു മാറാത്തവൻ.

❖

കഷ്ടതയനുഭവിക്കുന്ന രക്ഷകന്റെ കൂട്ടായ്മയിലേക്കുള്ള പ്രവേശനം

നാം ദൈവത്തെ കോപിപ്പിക്കുമ്പോൾ നാശകരമായ ഒരു ആപത്ത് അവിടെയുണ്ട്. ദൈവത്തിന്റെ ശിക്ഷ വരുമ്പോൾ അധൈര്യപ്പെട്ടുപോകരുത്, ഭാരമായിത്തോന്നരുത്, കൂടുതൽ നിരാശപ്പെട്ടു പോകരുത്, സഹിച്ചു നില്ക്കാൻ ശ്രമിക്ക. ക്രിസ്തീയ ജീവിതത്തിൽ എല്ലാറ്റിലും ബോധവാന്മാരായിരിക്കുക, ധൈര്യം ചോർന്നു പോകുന്നതിനെതിരെ, ദയയില്ലാതായിത്തീരുന്നതിനെതിരെ, ധൈര്യം നഷ്ടപ്പെട്ടു പോകുന്നതിനെതിരെ ബോധവാന്മാരായിരിക്കും.

പരിശോധനകളും ക്ലേശങ്ങളുമായിരിക്കാം, സംരക്ഷണവും ജിജ്ഞാസയുമായിരിക്കാം, ഉപദ്രവമോ, ശാസനയോ ആയിരിക്കാം അത്. ജീവിതത്തിന്റെ കഷ്ടതകൾ ആത്മാവിന്റെ കഷ്ടതകളെ കുറയ്ക്കുന്നില്ല എന്ന രഹസ്യം ദൈവത്തോടു പഠിക്കുക. അതെ, അവ നിങ്ങളുടെ നേട്ടങ്ങളായി കരുതുക. കഷ്ടതകളെ ദൈവവുമായി, കർത്താവായ യേശുവുമായി ബന്ധപ്പെടുത്തുക. ഇത് ദൈവം അനുവദിച്ചിരിക്കുന്നു. തന്റെ അതേ സ്നേഹത്തിൽ അവയെ അയച്ചിരിക്കുന്നു. നിങ്ങളുടെ നേട്ടങ്ങളായി അവയെ തീർക്കുന്നു. (എബ്രാ. 12:5,6). അകത്തും പുറത്തുമുള്ള കഷ്ടതകൾ, എല്ലാ നിരാശകളും, വേദനകളും, പ്രയാസങ്ങളും, എല്ലാ പരീക്ഷകളും, എല്ലാ ഇരുട്ടും, വെറുപ്പും, ഏതായാലും ശരിയായ അവസരമാണ് സ്വയത്തെ മരിപ്പിപ്പാൻ, സ്വയം ത്യജിക്കുന്ന, കഷ്ടപ്പെടുന്ന രക്ഷകനുമായുള്ള ശരിയായ കൂട്ടായ്മയ്ക്ക് നമ്മെ യോഗ്യരാക്കിത്തീർക്കുന്നു.

“ അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുദ്ധാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിനും ” (ഫിലി. 3:10)

❖

(4-ാംപേജിന്റെ തുടർച്ച)

അഡോണിറാം ജഡ്സൻ ഉം ആൻ ജഡ്സും

ആ മൂന്ന് പേർ, അവർ ഈ സ്കൂളിൽ ഒരു മിഷ്യനറി സൊസൈറ്റി രൂപീകരിച്ചു. ഈ മൂന്ന് ചെറുപ്പക്കാർ ആൻഡോവർ കോളെജിലേക്ക് വന്നു. അവിടെ ഒരു വിദ്യാർത്ഥിയായി ജഡ്സൻ ചേർന്നു. അവർ ദൈവശാസ്ത്രം പഠനം അവിടെ പൂർത്തിയാക്കി. ഈ നാലും ചെറുപ്പക്കാർ അമേരിക്കൻ ബോഡ് ഓഫ് മിഷൻസ് രൂപീകരിച്ചു.

ജഡ്സന്റെ മാതാപിതാക്കളിൽ, ഒരു മിഷ്യനറി ആയിരിക്കുക എന്ന തീരുമാനം വലിയ നിരാശയുണ്ടാക്കി. അവർ ചിന്തിച്ചു, ഇത് ഒരു അസാദ്ധ്യമായ ഉപയോഗശൂന്യമായ പ്രവൃത്തിയാണ്, തങ്ങളുടെ മിടുക്കനായ മകൻ ഇങ്ങനെയൊരു വേലയ്ക്കുവേണ്ടി ഇറങ്ങിയത് അവർക്ക് ഉൾക്കൊള്ളുവാൻ കഴിയുമായിരുന്നില്ല. എന്നിരുന്നാലും ചെറുപ്പക്കാരനായ ജഡ്സൻ മനസിലാക്കി, സംശയത്തിന്റെ നിഴലുകൾക്കപ്പുറത്ത് താൻ സ്വീകരിച്ച ഒരു വിളിയുണ്ട്. എന്ത് വിലകൊടുത്തും കർത്താവിന്റെ വേല ചെയ്യുവാൻ ഉറച്ചതീരുമാനം കൈക്കൊണ്ടു.

അമേരിക്കൻ ബോർഡ് ഓഫ് മിഷൻസ് രൂപീകരിക്കപ്പെട്ടതിന് ശേഷം ജഡ്സനെ ബോർഡ് ഇംഗ്ലണ്ടിലേക്ക് അയച്ചു. അമേരിക്കൻ ബോർഡിനുവേണ്ടി എന്തെങ്കിലും സാമ്പത്തിക സഹായമോ ഏതെങ്കിലും വിധത്തിൽ വേലയ്ക്ക് സഹായം ലഭിക്കുമോ എന്ന് അന്വേഷിക്കുവാനായി അയക്കപ്പെട്ടു. ലണ്ടൻ മിഷ്യനറി സൊസൈറ്റി ജഡ്സനെ അവരുടെ മേൽനോട്ടത്തിൽ വിദേശ, രാജ്യങ്ങളിലേക്ക് അയയ്ക്കുവാനുള്ള നിയമനോത്തരവുമായി ജഡ്സൻ മടങ്ങി വന്നു. ഇത് അമേരിക്കൻ ബോർഡ് ആഗ്രഹിച്ച കാര്യമല്ല. എന്നിരുന്നാലും, യുവാക്കളെ അയയ്ക്കുന്ന അവരുടെ മേൽ നോട്ടത്തിൽ സ്വന്തന്ത്രമായി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് അത് എന്ന് മനസിലാക്കി. ഈ നാലു ചെറുപ്പക്കാർ, തങ്ങളുടെ കൂടെ ചേർന്ന പുതിയ ചിലരും ചേർന്ന് ഇംഗ്ലണ്ടിലെ പല സഭകളിലേക്കും പോകാൻ തീരുമാനിച്ചു. ഈ മിഷ്യനറി ഗ്രൂപ്പിനെക്കുറിച്ചും അവരുടെ പരിപാടിയെക്കുറിച്ചും പറയുവാൻ തീരുമാനിച്ചു. അമേരിക്കൻ മിഷനറി ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊയ്ത്തിനായി വേലക്കാരെ അയക്കേണ്ടതിന് ഫണ്ട് ശേഖരിക്കാൻ തീരുമാനിച്ചു. കേട്ടവർക്ക് എല്ലാം ഈ വേല പ്രിയപ്പെട്ടതായി തോന്നി.

ഒരു പ്രത്യേക ഞായറാഴ്ച ജഡസൻ മസാച്ചുസെറ്റിലുള്ള ബ്രാഡ് ഫോർഡിലേക്ക് പോയി, അവിടെ തന്റെ കൂട്ടുകാരോടുകൂടെ അമേരിക്കൻ മിഷൻ ബോർഡിനെ പരിചയപ്പെടുത്തുവാൻ പോയി. അപ്പോൾ അവിടെ ഹെസൻട്ടിൻ എന്നെ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. ഹെസെൽട്ടിൻ-ന് രണ്ട് പെൺമക്കളുണ്ടായിരുന്നു. ഒരാൾ അതിസുന്ദരിയായിരുന്നു. ആദ്യ കാഴ്ചയിൽ തന്നെ അഡോണിറാം ആകർഷിക്കപ്പെട്ടു. ആൻ. അതായിരുന്നു അവളുടെ പേര്, മുഴുജീവിതം സാഹസികയ്ക്കുവേണ്ടി സമർപ്പിച്ചവൾ. അവൾ ജഡ്സനിൽ ആകൃഷ്ടയായി. അവളുടെ സൗന്ദര്യവും വ്യക്തിത്വവും അവരെ അടുപ്പിച്ചു. അല്പ കാലങ്ങൾക്ക് ശേഷം ആൻ ഹെസെൽട്ടിൻ ജഡ്സൻ ആദ്യത്തെ വനിതാ മിഷ്യനറിയായി.

ആൻ - ന്റെ പ്രാരംഭ വർഷങ്ങൾ

1789 ഡിസംബർ 3-ന് മസാച്ചുസെറ്റിലുള്ള ബ്രാഡ്ഫോഡിൽ ആൻ ഹെസൽട്ടിൻ ജനിച്ചു. താലന്തുള്ള മിടുക്കിയായ വിദ്യാർത്ഥിനിയായിരുന്നു. പ്രാരംഭ വിദ്യാഭ്യാസം ബ്രാഡ്ഫോർഡിലുള്ള പാഠശാലയിൽ ആയിരുന്നു. ചെറിയ കുട്ടി ആയിരിക്കുമ്പോൾ വിശ്രമമില്ലാത്ത ഒരു കുട്ടിയായിരുന്നു.

പതിനേഴ് വയസായിരിക്കുമ്പോൾ തന്നെ തികച്ചും ആത്മീയ കാര്യങ്ങളിൽ താൽപര്യം കാണിച്ചിരുന്നു. ചില സന്ദർഭങ്ങളിൽ അവൾ ദൈവരാജ്യത്തിന്റെ പണിക്കുവേണ്ടി എന്തെങ്കിലും ചെയ്യണം എന്ന് ചിന്തിച്ചിരുന്നു. അത് അവരുടെ പട്ടണത്തിൽ ഉണർവ്വു നടക്കുന്ന കാലമായിരുന്നു. സൽപ്രവർത്തികളാൽ രക്ഷിക്കപ്പെടുവാൻ സാദ്ധ്യമല്ല എന്നും രക്ഷിക്കപ്പെടുവാൻ കൃപയാണ് ആധാരം എന്നും അവൾ മനസിലാക്കി. ഒരു സ്പെഷ്യൽ മീറ്റിംഗിന്റെ ഒടുവിൽ ഇങ്ങനെ ഒരു തീരുമാനം അവൾ എടുത്തു, അവളുടെ ജീവനും ശക്തിയും സുവിശേഷത്തിന്റെ വ്യാപ്തിക്കുവേണ്ടി ചെലവിടും.

ആൻ -ന് പതിനെട്ട് വയസുള്ളപ്പോൾ ന്യൂബറിയിലുള്ള ഹാവർഹിൽ ശാലോം സ്കൂളിൽ പഠിപ്പിക്കുവാൻ തുടങ്ങി. ആ കാലത്ത് ഡേവിഡ് ബ്രെനേഡ് -ന്റെ ജീവചരിത്രം പഠിപ്പിക്കുവാൻ ഇടയായി. അതിന്റെ ശേഷം ഇതുപോലുള്ള ഒരു വേല അവൾ ആഗ്രഹിച്ചു. മൂന്ന് വർഷത്തോളം ആൻ ആ സ്കൂളിൽ പഠിപ്പിച്ചു അഡോണിറാം ജഡ്സന്റെ ബ്രാഡ് ഫോർഡിലേയ്ക്കുള്ള അനുഗ്രഹിക്കപ്പെട്ട യാത്ര വരെ. ❖

ക്രിസ്തുവിനോടുകൂടെ പുതിയ ഏകാഗ്രത

By Lois J.Stucky

പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞത്: “ഒരുത്തൻ എന്റെ പിന്നാലെ വരുവൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ” (മത്താ. 16:24). ക്രിസ്തു നമുക്കു മുമ്പിൽ ഒരു സമ്പൂർണ്ണ മാതൃക വെച്ചേച്ചു പോയി. അവിടുന്ന് ആവശ്യപ്പെടുന്നില്ല, എന്നാൽ അവിടുത്തെ അനുഗമിക്കുവാൻ അവിടുന്ന് ചോദിക്കുന്നു. തെരഞ്ഞെടുപ്പ് നമ്മുടേതാണ്. അവിടുന്ന് യോഗ്യനാണ്, ഒരു ആഗ്രഹം, “അതെ, കർത്താവേ”. അവിടുന്ന് ചോദിക്കുന്നു, അവിടുന്ന് ധാരാളം തരുന്നു, പൂർണ്ണ ഹൃദയത്തോടെ അനുഗമിപ്പാൻ ഇച്ഛിക്കുന്നവരെ അവിടുന്ന് അറിയുന്നു. ദൈവവുമായിട്ടുള്ള പൂർണ്ണ ഏകാഗ്രതയിൽ അവിടുത്തോട് ചേർന്നു നടക്കാൻ ഇഷ്ടപ്പെടുന്നവരല്ലയോ?

പൗലൊസിന്റെ തിമൊഥെയോസിനുള്ള രണ്ടാം ലേഖനത്തിൽ തന്റെ ചെറുപ്പക്കാരനും കൂട്ടുവേലക്കാരനുമായ തിമൊഥെയോസിന് കൊടുക്കാൻ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും അനുഗ്രഹിക്കപ്പെട്ട വചനങ്ങളുണ്ട്. “എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല മരവും മണ്ണും കൊണ്ടുള്ള വയും ഉണ്ട്; ചിലത് മാന്യ കാര്യത്തിനും ചിലത് ഹീന കാര്യത്തിനും ഉപയോഗിക്കുന്നു. ഇവയെ വിട്ടകന്ന് തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമ

(ശേഷം 7-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ഗുണത്തിനുവേണ്ടിയുള്ള ശിക്ഷകൾ

ടുത്തെ ഓമനക്കുമാരനെ ഞങ്ങൾ ക്കായി ഏ ല്പിച്ചു തന്നുവല്ലോ. ആ വിശുദ്ധി യുടെ ഭാഗ മാക്കു വാൻ അവിടുത്തെ പാഠശാലയിൽ സഹിഷ്ണതയോടെ പഠി ക്കുവാൻ ഞങ്ങളെ സഹാ യിക്കണമേ. അവിടുത്തെ വില യേ റിയ പ്രവൃത്തി കൾക്കായി പിതാവേ നന്ദി. അവിടുത്തെ ആലോചന യാൽ അടിയങ്ങളെ നടത്തേ ണമേ.

❖

(3-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ കയ്യിൽ തകർന്ന വസ്തുതകൾ

ജീവിതത്തിൽ, അപ്പോൾ ന മ്മുടെ സ്വയം കീഴടങ്ങുന്നു അഥവാ നീർജീവമാകുന്നു.

എന്നാൽ ഞങ്ങൾ ആവർ ത്തിച്ചു പറയുന്നു- ഊന്നിപ റയുന്നു - ദൈവത്തിന്റെ മു മ്പിൽ തകർന്ന ജീവിതങ്ങൾ വരും. അവിടുന്ന് നമ്മെ അ തിയായി സ്നേഹിക്കുന്നു; നാം കീഴടങ്ങുവാൻ മനസി ല്ലാതെ പരുക്കമായിരിക്കു മ്പോഴും നമ്മെ സ്നേഹിക്കു ന്നു, നമ്മുടെ ജീവിതത്തിന്റെ ഏത് അനു ഭ വങ്ങ ളിലും നമ്മിൽ പ്രവർത്തിച്ച് തന്റെ നാമം നമ്മിൽ മഹത്വപ്പെടു ത്തുവാൻ കഴിയും. നമ്മുടെ ഇഷ്ടങ്ങൾ തകർക്കപ്പെടേ ണം, നമ്മുടെ സ്വയമായുള്ള ഉറപ്പ്, സ്വയം പദ്ധതികൾ, സ്വയമായിട്ടുള്ള എല്ലാ പ്രാ ധാന്യങ്ങളും വേരോടെ പിഴു തു മാറേണം. എല്ലാ പരിത സ്ഥിതികളിലും രൂപാന്തരപ്പെ ടുത്തി അനുദിന ജീവിത ത്തിൽ നടക്കേണ്ടുന്ന വഴി നമ്മെ കാണിച്ച് തന്റെ ഇഷ്ട പ്രകാരം നമ്മെ വഴി നട ത്തും. അതിന്റെ ശേഷം, തന്നെത്താൻ നമുക്കു വെളി പ്പെടുത്തി പ്രായോഗിക ജീവി തത്തിന്റെ ഫലങ്ങളിലേക്ക് നമ്മെ കൊണ്ടു വരും.

കഠിനമായ ശോധനയിൽ ദൈവത്തിന്റെ മഹത്വം

ഇയ്യോബിന്റെ പുസ്തക ത്തിൽ നിന്നും നമുക്കു കാണാൻ കഴിയുന്ന അത്ഭു തകരവും രസകരവുമായ കാര്യങ്ങളുണ്ട്. ഇയ്യോബിന്റെ ജീവിതത്തിൽ ഇതുപോലു ള്ള പ്രയാസകരമായ അനുഭ വങ്ങൾ കടന്നു വന്നു. തന്റെ ജീവിതത്തിൽ കടന്നു വന്ന കഷ്ടതകൾ, തന്നെ സ്നേഹി ക്കുന്ന ദൈവത്തിന്റെ കൃപ, ദൈവത്തിന്റെ സ്നേഹം അതിലൂടെ കൂടുതലായി അനുഭവിക്കുവാൻ ഇടയായി. ദൈവം പൂർണ്ണമായി ഇയ്യോ ബിനെ സ്നേഹിച്ചു; എ ന്നാൽ ഇത് ഒരു ബുദ്ധിപ രവും വിശ്വസ്ത സ്നേഹവും ഒരു കൂട്ടി ആവശ്യ മായ തെല്ലാം കൈവശമാക്കുന്ന സ്നേഹം, ഉപരിതലത്തിനു താഴെ, ആഴങ്ങളിൽ ധാർമ്മി കവേരുകൾ ആഴ്ന്ന് ഇറങ്ങി തന്റെ ദാസന്റെ ഹൃദയത്തെ കാണുന്നു. വേരുകളെ കാ ണാൻ കഴിയുകയില്ല, അതു കൊണ്ട് വിധിക്കപ്പെടുന്നതുമി ല്ല. എത്ര കരുണയുള്ള ദൈവം! തന്റെ സ്വരൂപത്തോ ടനുരൂപരാക്കി നമ്മെ രൂപാന്ത രപ്പെടുത്തുന്ന ദൈവം!

എന്നാൽ, പ്രിയവായന ക്കാരാ, നിഗൂഢമായ വസ്തു ത എന്നത് തന്റെ ജനത്തെ അച്ചടക്കം പഠിപ്പിക്കുവാൻ ദൈവം ചില സന്ദർഭങ്ങളിൽ സാത്താനെ ഉപയോഗിക്കു ന്നില്ലയോ? പൂർവ്വപിതാവായ ഇയ്യോ ബിന്റെ ജീവി ത ത്തിലും പത്രോസിന്റെ ജീവി തത്തിലും ഈ യാഥാർത്ഥ്യം നമുക്കും കാണാം. പത്രോസി നെ പാറ്റേണ്ടതിന് സാത്താ നെ ദൈവം ഉപയോഗിച്ച തായി കാണാം. ശീമോനേ, ശീമോനെ, സാത്താൻ നിങ്ങ ളെ കോതമ്പുപോലെ പാറ്റേ ണ്ടതിന് കല്പന ചോദിച്ചു” (ലൂക്കോ. 22:31). ഇവിടെയും ഒരു വ്യക്തമായ നിലപാടുണ്ട്. ഇവിടെ പത്രോസിന്റെ ഹൃദ യത്തിലേക്ക് ആഴമായ ഒരു വഴിയുണ്ട്. സ്വയം ഉറപ്പ്; ദൈവം അവരെ കഠിനവും വേദനയേറിയതുമായ അനു ഭവങ്ങളിലൂടെ കടത്തിവിട്ട് ദൈവം തന്റെ പരീക്ഷണ ങ്ങൾക്ക് വിധേയ നാക്കി; കോതമ്പു പോലെ പാറ്റുവാൻ അനുവാദം ചോദിച്ചു. ദൈവ ത്തിന്റെ പക്കൽ തകർന്ന ഉപ കരണങ്ങളുണ്ട്. അത് അപ്പോ സ്തലനായാലും പൂർവ്വപിതാ വായിരുന്നാലും മോഹിപ്പി ക്കുന്ന ശത്രുവിന്റെ മുമ്പിൽ ഒരുവനെ മൃദുവും രൂചിക രവും ആയ വിഭവമാക്കി തന്റെ മഹത്വം വെളിപ്പെചു ത്തുന്ന ദൈവം എത്ര നല്ല വൻ

❖

(6-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിനോടുകൂടെ പുതിയ ഏകാഗ്രത

സ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്കൊക്കെയും ഒരുങ്ങിയിരിക്കുന്ന മാന പാത്രം ആയിരിക്കും” (2 തി മൊ. 20,21). അതെ, യജമാ നന് ഉപയോഗമുള്ള പാ ത്രമായി നല്ലവേലയ്ക്കായി ഒരുങ്ങി നില് ക്കുക! ഇത് ഉയർത്തപ്പെട്ട ഒരു ഉന്നത മായ അവസ്ഥയാണ്. ഉയർ ത്തപ്പെട്ട് പിതാവിന്റെ വല ത്തു ഭാഗത്ത് സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരിക്കു കയാണ്. ഇത് ഉയർന്നതും വിലയേറിയതുമായ അവ സ്ഥയാണ്. കർ ത്താവായ യേശുക്രിസ്തു കാൽവറി ക്രൂശിൽ സഹിച്ച വേദന കൾ അതിന്റെ വിലയാണ്. ആ വില തന്റെ ശിഷ്യ ന്മാർക്ക് കൈമാറുന്നു, പഴയ മനുഷ്യനെ അതിന്റെ രാഗ മോഹങ്ങളോടുകൂടെ ക്രൂശി ച്ചു.... “ഞാനല്ല, എന്നാൽ ക്രിസ്തു.....” (ഗലാ. 2:20).

❖

ഹെറോൾഡ് ഇന്റർ നാഷണൽ -ന് വേണ്ടിയുള്ള ഉപവാസവും പ്രാർത്ഥനയും

ഹെറോൾഡ് ഇന്റർ നാഷണൽ -ലൂടെ വിശ്രമ മെന്യെ അദ്ധ്വാനിച്ചു കൊ ണ്ടിരിക്കുന്ന ക്രിസ്തുവിൽ പ്രിയ സഹോദരന്മാരുടെ പ്രവർത്തനമാണ് വിവിധ ഭാഷകളിൽ മുടക്കം കൂടാ തെ മാസിക ലഭിക്കുന്നത്. അവരുടെ ശുശ്രൂഷയും സ്നേഹത്തിന്റെ വേലയുമാ ണ്. പ്രിയവായനക്കാർക്ക് മാസിക എത്തുന്നത്. ഈ ശുശ്രൂഷകൾക്ക് വേണ്ടി യുള്ള ഉപവാസത്തിലും പ്രാർത്ഥനയിലും കൂട്ടായ്മ കാണിക്കുവാൻ കർത്താ വിന്റെ നാമത്തിൽ ക്ഷണി ക്കുന്നു. ഉപവാസപ്രാർത്ഥന യുടെ ദിവസങ്ങൾ.

മാർച്ച് 17 - തിങ്കൾ

ജൂൺ 16- തിങ്കൾ

സെപ്തംബർ 15 - തിങ്കൾ

ഡിംസബർ 15 - തിങ്കൾ

❖

“മനുഷ്യർക്കു നട പ്പല്ലാത്ത പരീക്ഷ നി ങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്ന തിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതി ക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ട തിനു പരീക്ഷയോടു കൂടെ അവൻ പോക്കു വഴിയും ഉണ്ടാക്കും” (1 കൊരി. 10:13)

കഷ്ടതയനുഭവിക്കുന്ന രക്ഷകന്റെ കൂട്ടായ്മയിലേക്കുള്ള പ്രവേശനം

നാം ദൈവത്തെ കോപിപ്പിക്കുമ്പോൾ നാശകരമായ ഒരു ആപത്ത് അവിടെയുണ്ട്. ദൈവത്തിന്റെ ശിക്ഷ വരുമ്പോൾ അധൈര്യപ്പെട്ടു പോകരുത്. ഭാരമായിത്തോന്നരുത്, കൂടുതൽ നിരാശപ്പെട്ടു പോകരുത്, സഹിച്ചു നില്ക്കാൻ ശ്രമിക്ക. ക്രിസ്തീയ ജീവിതത്തിൽ എല്ലാറ്റിലും ബോധവാന്മാരായിരിക്കുക, ധൈര്യം ചോർന്നു പോകുന്നതിനെതിരെ, ദയയില്ലാതായിത്തീരുന്നതിനെതിരെ, ധൈര്യം നഷ്ടപ്പെട്ടുപോകന്നതിനെതിരെ ബോവധവാന്മാരായിരിക്കുക.

പരിശോധനകളും ക്ലേശങ്ങളുമായിരിക്കാം, സംരക്ഷണവും ജിജ്ഞാസയുമായിരിക്കാം, ഉപദ്രവമോ ശാസനയോ ആയിരിക്കാം അത്. ജീവിതത്തിന്റെ കഷ്ടതകൾ ആത്മാവിന്റെ കഷ്ടതകളെ കുറയ്ക്കുന്നില്ല എന്ന രഹസ്യം ദൈവത്തോടു പഠിക്കുക. അതെ, അവ നിങ്ങലുടെ നേട്ടങ്ങളായി കരുതുക. കഷ്ടതകളെ ദൈവവുമായി, കർത്താവായ യേശുവുമായി ബന്ധപ്പെടുത്തുക. ഇത് ദൈവം അനുവദിച്ചിരിക്കുന്നു. തന്റെ അതേ സ്നേഹത്തിൽ അവയെ അയച്ചിരിക്കുന്നു, നിങ്ങളുടെ നേട്ടങ്ങളായി അവയെ തീർക്കുന്നു. (എബ്രാ. 12:5,6). അകത്തും പുറത്തുമുള്ള കഷ്ടതകൾ, എല്ലാ നിരാശകളും, വേദനകളും, പ്രയാസങ്ങളും, എല്ലാ പരീക്ഷകളും, എല്ലാ ഇരുട്ടും, വെറുപ്പും, ഏതായാലും, ശരിയായ അവസരമാണ്. സ്വയത്തെ മരിപ്പിപ്പാൻ, സ്വയം ത്യജിക്കുന്ന, കഷ്ടപ്പെടുന്ന രക്ഷകനുമായുള്ള ശരിയായ കൂട്ടായ്മയ്ക്ക് നമ്മെ യോഗ്യരാക്കിത്തീർക്കുന്നു.

“അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട്, അവനെയും അവന്റെ പുനരുദ്ധാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളെ അനുഭവിച്ചറിയേണ്ടതിനും” (ഫിലി. 3:10).

❖